പതിനാലാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ. 3953

16-05-2017 ൽ മറുപടിക്ക്

## കേരഫെഡിലെ അഴിമതി കേസുകൾ

| ചോദ്യം<br>ശ്രീ.കെ. വി. വിജയദാസ് | | മറുപടി<br>ശ്രീ.വി.എസ്. സുനിൽകുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
|---|---|---|
| എ) കേരഫെഡിൽ മുൻസർക്കാരിന്റെ കാലത്ത് നടന്ന അഴിമതികളുടെ വിശദവിവരം നൽകുമോ;<br><br>ബി) ഇതുമായി ബന്ധപ്പെട്ട് എത്ര വിജിലൻസ് കേസുകൾ നിലവിലുണ്ട്; വിശദാംശം വ്യക്തമാക്കുമോ;<br><br>സി) പ്രസ്തുത കേസുകളുടെ അടിസ്ഥാനത്തിൽ ഏതെല്ലാം ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദവിവരം നൽകുമോ;<br><br>ഡി) ഇതിൽ കോടതിയിൽ സമർപ്പിച്ചിട്ടുള്ള എത്ര കേസ്സുകൾ ഉണ്ട്; വിശദവിവരം നൽകുമോ;<br><br>ഇ) ഇതുമായി ബന്ധപ്പെട്ട് ഏതെല്ലാം ഉദ്യോഗസ്ഥർക്കെതിരെ വകുപ്പ്തല നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദവിവരം ലഭ്യമാക്കുമോ? | (എ) യും (ബി) യും (സി) യും (ഡി) യും (ഇ) യും | ഈ സർക്കാർ അധികാരമേറ്റയുടനെ കേരഫെഡിലെ അഴിമതി സംബന്ധിച്ച് കൃഷി വകുപ്പ് വിജിലൻസ് സെൽ നടത്തിയ അന്വേഷണ റിപ്പോർട്ട് പരിശോധിക്കുകയും, റിപ്പോർട്ടിൽ പറയുന്ന പ്രകാരം വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോയ്ക്ക് വിശദമായ അന്വേഷണത്തിന് നൽകിയിരിക്കുകയാണ്. വിജിലൻസ് അന്വേഷണത്തെ ബാധിക്കുന്നതിനാൽ വിശദ വിവരങ്ങൾ ഇപ്പോൾ ലഭ്യമാക്കുവാൻ നിർവ്വാഹമില്ല.<br><br>അന്വേഷണത്തിന്റെ ഭാഗമായി കൃഷി വകുപ്പ് ഡയറക്ടറെ തൽസ്ഥാനത്ത് നിന്നും മാറ്റിയിട്ടുണ്ട്. അന്വേഷണ റിപ്പോർട്ട് ലഭിച്ച ശേഷം കുറ്റക്കാരായ ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതാണ്. |

Sabhal.

സെക്ഷൻ ഓഫീസർ